**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 189** — **27-02-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിൽ സഹകരണ പ്രസ്ഥാനങ്ങളുടെ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക മേഖലയിൽ സഹകരണ പ്രസ്ഥാനങ്ങളുടെ ഇടപെടൽ കൂടുതൽ ഫലപ്രദമാക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പഞ്ചായത്തുതോറും ആധുനിക സൗകര്യങ്ങളോടുകൂടിയ സംഭരണം, വിപണനം, മൂല്യവർദ്ധന തുടങ്ങിയ ലക്ഷ്യങ്ങളോടെ കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രികൾച്ചർ എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനും സഹകകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, ചില്ലറ- വിൽപ്പന എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി. |
| (ബി) | ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കി ഏകീകൃത ബ്രാൻഡിംഗിലൂടെ വിപണി ശൃംഖല ശാക്തീകരിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | കേരളത്തിലെ സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിനു കീഴിൽ കൊണ്ടുവന്നു വിപണി ശൃംഖല ശാക്തീകരിക്കുന്നതിനായി 'ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ടസ്' എന്ന പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുകയാണ്. സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ ഒരൊറ്റ ബ്രാൻഡിനു കീഴിലാക്കി ഒരു പൊതു ട്രേഡ് മാർക്കോടെ വിപണിയിലെത്തിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ സഹകരണ ഉല്പന്നങ്ങൾക്ക് സ്വീകാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കാൻ കഴിയും. ദേശീയ അന്തർദേശീയ വിപണിയിലേക്ക് ചുവടു വെയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധന ലാബുകൾ സജ്ജമാക്കുക, ഓൺ ലൈൻ വിപണി സൃഷ്ടിക്കുക തുടങ്ങിയവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളാണ്.<br><br>പദ്ധതിയുടെ ഭാഗമായി സഹകരണ ഉല്പന്നങ്ങൾക്ക് ഏകീകൃത സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നതിന് |

| | | | |
|---|---|---|---|
| | | | coopkerala എന്ന ട്രേഡ് മാർക്ക് രൂപകല്പന ചെയ്തിട്ടുണ്ട്. അതിന് 1999-ലെ ട്രേഡ് മാർക്സ് ആക്ട് പ്രകാരം സെൻട്രൽ ഗവൺമെന്റ് ട്രേഡ് മാർക്ക് രജിസ്ട്രിയിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതുമാണ്. സഹകരണ ഉല്പന്നങ്ങൾക്ക് coopkerala സർട്ടിഫിക്കേഷൻ മാർക്ക് അനുവദിക്കുന്നതിനായി അതുമായി ബന്ധപ്പെട്ട എക്സ്പെർട്ട് ഫുഡ് സെഫ്റ്റി ഉദ്യോഗസ്ഥൻ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, സഹകരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട മാനേജിംഗ് കമ്മിറ്റി സഹകരണ ഉല്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലിവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകി വരുകയാണ്. ആദ്യഘട്ടത്തിൽ 12 സംഘങ്ങളുടെ 28 ഉല്പന്നങ്ങൾക്ക് coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകിയിട്ടുണ്ട്. കൂടുതൽ ഉല്പന്നങ്ങൾക്ക് coopkerala - സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നതിനായുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | കോ-ഓപ്പ് മാർട്ടുകൾ വഴിയുള്ള വിപണനം ഓൺലൈനാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | കോ-ഓപ്പ് മാർട്ടുകൾക്ക് ആവശ്യമായ സാധനങ്ങളുടെ സ്റ്റോക്ക് വിവരം മനസ്സിലാക്കി മൊബൈൽ വഴിയോ വെബ് സൈറ്റ് മുഖേനയോ ഉല്പാദകർക്ക് ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാവാൻ കഴിയും വിധമുള്ള സോഫ്റ്റ് വെയർ ആണ് ആദ്യ ഘട്ടം നടപ്പിലാക്കുന്നത്. അടുത്ത ഘട്ടത്തിൽ ഉപഭോക്താക്കൾക്കും ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സോഫ്റ്റ് വെയർ പ്രാബല്യത്തിൽ വരുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ